# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 189 01.12.2014-ൽ മറുപടിയ്ക്ക്**

**മാറാട്, കതിരൂർ കേസുകളിലെ സി.ബി.ഐ. അന്വേഷണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ ഉദുമ<br>ശ്രീ. കെ. കെ. നാരായണൻ<br>ശ്രീ. എ. കെ. ബാലൻ | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) കേസുകൾ സി.ബി.ഐ. അന്വേഷണ ത്തിനു വിടുന്ന തീരുമാനങ്ങൾ രാഷ്ട്രീയ പ്രേരിതമായി മാറിയിരിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) മാറാട് കൂട്ടക്കൊല സംഭവത്തിൽ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ടു കൊണ്ടുള്ള സർക്കാരിന്റെ ആവശ്യത്തി ന്മേൽ അന്നത്തെ കേന്ദ്രഗവൺമെന്റിന്റെ നിലപാട് എന്തായിരുന്നു ;<br>സി) പ്രസ്തുത കേസിനെ സി.ബി.ഐ. ക്ക് വിടുന്ന തിനെതിരായി നിലപാട് എടുത്തത് എന്തു കൊണ്ടായിരുന്നു; ഇക്കാര്യം അന്നത്തെ കേന്ദ്രഗവൺമെന്റ് സംസ്ഥാനത്തെ അറിയി ച്ചിട്ടുണ്ടായിരുന്നുവോ; | (ബി) & (സി)<br>സംഭവം നടന്ന് നാലു വർഷങ്ങൾ കഴിഞ്ഞ ശേഷം അർത്ഥവത്തായ ഒരു അന്വേഷണം സാദ്ധ്യമല്ലെന്ന കാരണത്താലാണ് മാറാട് കേസ് സി.ബി.ഐ. യ്ക്ക് വിടാൻ കഴിയുകയില്ലെന്ന് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനെ അറിയിച്ചിരുന്നത്. |
| ഡി) കതിരൂരിലെ മനോജ് എന്നയാളുടെ കൊലപാതകം, ലോക്കൽ പോലീസിന്റെ അന്വേഷണത്തിലിരിക്കെ സി.ബി.ഐ. ക്ക് വിടാനുണ്ടായ സാഹചര്യം എന്തായിരുന്നു ; | (ഡി) സംസ്ഥാന പോലീസ് മേധാവിയുടെ റിപ്പോർട്ട് പരിഗണിച്ചാണ് കതിരൂർ മനോജ് വധക്കേസ് സി.ബി.ഐ. യ്ക്ക് കൈമാറാൻ തീരുമാനിച്ചത്. |
| ഇ) ഈ കേസിൽ പോലീസ് ഒന്നാം പ്രതിയാക്കിയ വിക്രമൻ എന്നയാളെ പോലീസ് അറസ്റ്റു ചെയ്തതിന്റെ വിശദാംശ ങ്ങൾ വ്യക്തമാക്കാമോ ; | (ഇ) കതിരൂർ മനോജ് വധക്കേസിലെ ഒന്നാം പ്രതി വിക്രമനെ പോലീസ് അറസ്റ്റു ചെയ്തിരുന്നില്ല. ടിയാൻ 11.09.2014-ന് കണ്ണൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ കീഴടങ്ങുകയാണ് ചെയ്തത്. |

എഫ്) സംസ്ഥാന സർക്കാർ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് കത്തയക്കാൻ തീരുമാനിച്ചത് എപ്പോഴാണെന്ന് വിശദമാക്കാമോ ; കേന്ദ്ര സർക്കാരിനയച്ച കത്തിൽ ഇതേവരെ അറസ്റ്റ് നടന്നിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ടായിരുന്നോ; വസ്തുതാവിരുദ്ധമായ കാര്യം കേന്ദ്ര സർക്കാരിനെ അറിയിച്ചത് എന്തിനുവേണ്ടിയായിരുന്നുവെന്ന വ്യക്തമാക്കാമോ ?

(എഫ്) സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട് വിജ്ഞാപനം പുറപ്പെടുവിക്കാൻ 07.09.2014-ന് തീരുമാനിച്ചിരുന്നെങ്കിലും വിജ്ഞാപനം പുറപ്പെടുവിച്ചശേഷം കേന്ദ്ര സർക്കാരിന് കത്തയച്ചത് 12.09.2014-നാണ്. 06.09.2014-ലെ കത്തുപ്രകാരം സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ പ്രൊഫോർമാ റിപ്പോർട്ടാണ് കേന്ദ്ര സർക്കാരിന് അയച്ചു കൊടുത്തിരുന്നത്. അതിൽ ഇതുവരെ ആരെയും അറസ്റ്റു ചെയ്തിട്ടില്ല എന്നാണ് രേഖപ്പെടുത്തിയിരുന്നത്.

സെക്ഷൻ ഓഫീസർ